"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽകൊണ്ടുവന്ന കരിമരുന്നു സാമഗ്രികൾ 12/02/2024 -ന് ചൂരക്കാട് വെച്ച് പൊട്ടിത്തെറിച്ചുണ്ടായ അപകടം - ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ എടുത്ത O.A. 213/2024 നമ്പർ കേസിലെ 11/03/2024 ലെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്**

സ.ഉ.(കൈ) നം.140/2026/RD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ എടുത്ത O.A. 213/2024 നമ്പർ കേസിലെ 11/03/2024 ലെ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 18/12/2025 ലെ LR/2655/2024-LR(H1) നം. കത്ത്.
3. എറണാകുളം ജില്ലാ കളക്ടറുടെ 12/02/2024, 03/04/2024, 17/02/202519/03/2025 എന്നീ തീയതികളിലെ DCEKM/1702/2024-D1 നം. കത്തുകൾ
4. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 19/01/2026 ലെ MTO 11/374/2025/SDMA-KSDMA നം. കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽകൊണ്ടുവന്ന കരിമരുന്നു സാമഗ്രികൾ 12/02/2024 -ന് രാവിലെ 10.30-ന് ചൂരക്കാട് വെച്ച് പൊട്ടിത്തെറിക്കുകയുണ്ടായി. അപകടവാർത്ത ശ്രദ്ധയിൽപ്പെട്ട ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ O.A. 213/2024 നമ്പരായി കേസെടുക്കുകയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

**2)** ടി അപകടത്തിൽ രണ്ട് പേർ മരണപ്പെട്ടുവെന്നും നിയമാനുസൃത അവകാശികൾ ധനസഹായത്തിനായി CMDRF Portal മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണെന്നും പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പടക്കനിർമാണത്തിന്റെ കരാർ തിരുവനന്തപുരം സ്വദേശി ആദർശ് എന്ന ആളാണ് എടുത്തതെന്നും, ടിയാന്റെ മാതാവിന്റെ പേരിലാണ് പടക്കനിർമാണ ലൈസെൻസ് എന്നും, അവർ മരണപ്പെട്ടിട്ടുള്ളതാണെന്നും അപകടത്തിൽപ്പെട്ടവരുടെ പരിക്കുകൾ നിസ്സാരമാണെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീ ക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽ കൊണ്ട് വന്ന കരിമരുന്ന് സാമഗ്രികൾ ചൂരക്കാട് വെച്ച് പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ മരണപ്പെട്ട **2** പേരുടെ (തിരുവനന്തപുരം സ്വദേശി വിഷ്ണു S/o

അശോകൻ, വരുവിളാകത്ത്, ഉള്ളൂർ, കൊല്ലം സ്വദേശി അനിൽകുമാർ S/o സുകുമാരൻ, പീടികത്തറ വീട്, കോട്ടപ്പുറം) ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

4) പ്രസ്തുത ഇനത്തിൽ വിതരണത്തിന് ആവശ്യമായി വരുന്ന 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ട് മുഖാന്തിരം എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

5) ലയബിലിറ്റി ഫിക്സ് ചെയ്തു കഴിയുമ്പോൾ ബന്ധപ്പെട്ട വ്യക്തി/സംഘാടകരിൽ നിന്നും ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിരികെ ഈടാക്കുന്നതിന് ആവശ്യമായ നടപടി എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

6) ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ എടുത്ത O.A. 213/2024 നമ്പർ കേസിലെ 11/03/2024 ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം (ആവശ്യമായ തുടർ നടപടിക്കായി)

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

പൊതുഭരണ (എസ്.സി) വകുപ്പ് (13/03/2026 ലെ മന്ത്രിസഭായോഗ തീരുമാനം, ഇനം. 3916)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

നിയമ വകുപ്പ് (Ref. No.OPN-G2/45/2025-LAW dt. 12/03/2025)

ആഭ്യന്തര (എഫ്) വകുപ്പ്

ദുരന്ത നിവാരണ (എ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 14-03-2026 21:57:20

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. DRF-A3/63/2024/REV ഇനം നം: 3916

വിഷയം : റവന്യൂ വകുപ്പ് - തൃപ്പൂണിത്തുറ ചൂരക്കാട് പടക്കം പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ മരണപ്പെട്ട രണ്ട് പേരുടെ കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3916

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | DRF-A3/63/2024-REV |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | തൃപ്പൂണിത്തുറ ചൂരക്കാട് പടക്കം പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ മരണപ്പെട്ട രണ്ട് പേരുടെ കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28.02.2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ, നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി. രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 12/03/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ . കെ .രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽകൊണ്ടുവന്ന കരിമരുന്ന സാമഗ്രികൾ 12/02/2024 -ന് രാവിലെ 10.30-ന് ചൂരക്കാട് വെച്ച് പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ മരണപ്പെട്ട രണ്ട് പേരുടെ (തിരുവനന്തപുരം സ്വദേശി വിഷ്ണു S/o അശോകൻ, വരുവിളാകത്ത്, ഉള്ളൂർ, കൊല്ലം സ്വദേശി അനിൽകുമാർ S/o സുകുമാരൻ, പീടികത്തറ വീട്, കോട്ടപ്പുറം) കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനെക്കുറിച്ചാണ് ഈ കുറിപ്പ്.

(2) അപകട വാർത്ത ശ്രദ്ധയിൽപ്പെട്ട ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ OA 213/2024 നമ്പരായി പെറ്റീഷൻ രജിസ്റ്റർ ചെയ്യുകയും 11/03/2024 ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവിൽ *K.Saravanan vs. State of Tamilnadu* എന്ന OA 66/2022 ലെ ട്രൈബ്യൂണലിന്റെ തന്നെ 16/01/2023 ലെ ഉത്തരവിൽ മരണപ്പെട്ട ഓരോരുത്തർക്കും 20 ലക്ഷം രൂപയായും പരിക്കേറ്റ ഓരോരുത്തർക്കും 10 ലക്ഷം രൂപയായും നഷ്ടപരിഹാരം ഉയർത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവെന്ന് ബഹു. ട്രൈബ്യൂണൽ അഭിപ്രായപ്പെടുകയുണ്ടായി. തുടർന്ന് ബഹു. ട്രൈബ്യൂണൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചു:

"We require the District Collector, Ernakulam and other concerned authorities to ensure payment of compensation expeditiously to the family members of the deceased victims as also injured as per norms in accordance with law preferably within a period of eight weeks from today. District Collector, Ernakulam will submit the action taken report before the Registrar of Southern Zonal Bench of the Tribunal within three months. If found necessary, the matter will be listed before the Southern Zonal Bench. Office is directed to transfer the original record of the OA to Southern Zonal Bench"

(3) കരിമരുന്ന് കൊണ്ടുവന്ന വാഹനവും സൂക്ഷിച്ചിരുന്ന വീടും

സ്ഫോടനത്തിൽ പൂർണ്ണമായി നശിച്ചുവെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃപ്പൂണിത്തുറ പുതിയകാവ് ദേവീ ക്ഷേത്ര അധികാരികൾക്ക് സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിനോ വെടിക്കെട്ട് നടത്തുന്നതിനോ ലൈസൻസോ അനുമതിയോ ഉണ്ടായിരുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി അപകടത്തിൽ രണ്ട് പേർ മരണപ്പെട്ടതായും 22 പേർക്ക് പരിക്ക് പറ്റിയതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അപകടത്തിൽപ്പെട്ടവരോ നിയമാനുസൃത അവകാശികളോ ധനസഹായത്തിനായി CMDRF Portal മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(4) ഫയൽ **നിയമ വകുപ്പിന്** നൽകിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"In the order dated 11.03.2024 in OA.213/2024, the Hon'ble National Green Tribunal has observed as below:-

" 6. The report by ADM does not disclose any action by authorities for payment of compensation to the family members of the victims who have lost their lives and those who have suffered injuries in that incident. The Tribunal by order dated 16.01.2023 in OA 66/2022 in the matter of K. Saravanan vs. State of Tamilnadu, had directed that compensation be enhanced to ₹20,00,000/- in respect of each death and ₹10,00,000/- each to the injured. The authorities are required to pay compensation to the victims in accordance with law and keeping in view the earlier orders of the Tribunal."

Further the Hon'ble Tribunal directed the District Collector, Ernakulam and other concerned authorities to ensure payment of compensation expeditiously to the family members of the deceased victims as also injured as per norms in accordance with law preferably within a period of eight weeks from today.

In this case it is seen that the Hon'ble Tribunal has only directed the concerned authorities to ensure payment of compensation expeditiously to the family members of the deceased and the injured as per norms in accordance with law, taking into account the earlier orders of the Tribunal.

In the above circumstance, AD may be informed that scope for filing a successful appeal is too remote in this case and it is proper to provide adequate compensation as per norms in accordance with law and also considering the earlier orders of the Tribunal. Further AD may be informed that State has the liberty to recover the amount from the violators, following due process of law.''

(5) ധനസഹായത്തിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു. **മുഖ്യമന്ത്രി** താഴെപ്പറയും പ്രകാരം ഉത്തരവിട്ടു:

i). മരിച്ചവരുടെ കുടുംബത്തിനും പരിക്കേറ്റവരുടെ ചികിത്സാ ചെലവിനും അനുയോജ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാവുന്നതാണ്.

ii). പ്രകൃതി-മനുഷ്യ നിർമ്മിത ദുരന്തങ്ങൾ സംഭവിക്കുമ്പോൾ, Strict Liability Theory-യുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുവാനുള്ള സർക്കാരിന്റെ ചുമതലയെപ്പറ്റിയും, അപ്രകാരമുള്ള നഷ്ടപരിഹാരത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

iii). നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.

(6) തുടർന്ന് മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ **ചീഫ് സെക്രട്ടറി** താഴെപ്പറയും പ്രകാരം ഉത്തരവിട്ടു:

*It is unclear as to how the State is found liable when the*

*necessary permissions have not been taken, making the handling of explosives / fire crackers illegal. Whether appeal was preferred and dismissed is not clear in notes. It is also not clear as to whether the case is similar to the matter in K.Saravanan Vs. State of Tamil Nadu. Views of Law Department may be taken on file and incorporated into the draft Cabinet Note.*

(7) ***നിയമ വകുപ്പിന്റെ*** *മുൻ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഫയൽ ചെയ്തിട്ടില്ല.*

(8) ചീഫ് സെക്രട്ടറിയുടെ മേൽ ഉത്തരവിനെ തുടർന്ന് **നിയമ വകുപ്പ്** താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

*In K.Saravanan V. State of Tamil Nadu( OA.No.66/2022), the grievance is against violation of environment safety norms in operation of a fire cracker shop at Shankarapuram, Kallakurichi District, Tamil Nadu. On 26.10.2021 at 6.15 p.m. 8 persons lost their lives and 15 persons got injured in a blast due to unscientific stocked large quantity of fire crackers and banned explosives in the shop by Selavganapathy son of Sagadevan. Location of the shop is near a bakery, hotel, another fire cracker shop, mosque and Government Girls Higher Secondary School but requisite precautions to be taken at such location were not taken.*

*Vide order dated 16.01.2023, the Hon'ble NGT direct that compensation be enhanced to ₹20,00,000/- in respect of each death and ₹10,00,000/- each to the injured. Compliance be ensured within two months by the District Magistrate, Kallakurichi, Tamil Nadu. The State will be at liberty to recover the amount from the violators, following due process of law. The State may also take preventive measures to avoid such incidents in future.*

*In this case, as per the report of the ADM, the firecrackers*

*were bought in a vehicle for fireworks display in connection with Puthiyakuvu Devi Temple festival where the explosion took place . As per the report, firecracker carrying vehicle and the house where they were stored, were entirely destroyed and the temple authorities had not submitted any application for permission to display fireworks in connection with the 2024 festival and the office of ADM had not issued any license to store any explosives or permission to display fireworks in connection with the festival.*

*In Saravanan's case, a large amount of crackers were stored in the shop beyond the permitted limit and also banned local crackers were stored in the first floor which is a non permitted area and reckless handling of crackers were found to be the reason for the accident . Here in this case also, the unauthorised storage of fire crackers and the reckless handling of crackers were caused the accident.*

9) തുടർന്ന്, താഴെപ്പറയുന്ന നിർദ്ദേശങ്ങളോടെ കുറിപ്പ് മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിച്ചു:

**എ)** ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 11/03/2024 ലെ OA 213/2024-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരിച്ചവരുടെ കുടുംബത്തിനും പരിക്കേറ്റവരുടെ ചികിത്സാ ചെലവിനും അനുയോജ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാവുന്നതാണോ ? അനുവദിക്കുന്നുവെങ്കിൽ, എത്രമാത്രം ?

**ബി)** പ്രകൃതി-മനുഷ്യ നിർമ്മിത ദുരന്തങ്ങൾ സംഭവിക്കുമ്പോൾ, Strict Liability Theory-യുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുവാനുള്ള സർക്കാരിന്റെ ചുമതലയെപ്പറ്റിയും, അപ്രകാരമുള്ള നഷ്ടപരിഹാരത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിനായി KSDMA യും ദുരന്ത നിവാരണ (എ) വകുപ്പ് -

നെയും ചുമതലപ്പെടുത്താവുന്നതാണോ ?

10) 05/02/2025 ൽ **മന്ത്രിസഭാ യോഗം** താഴെപ്പറയുന്ന തീരുമാനം എടുത്തു:

**"കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ അധികാരപരിധി, ഉടമസ്ഥന് ബാധ്യത നിശ്ചയിക്കുന്നത് എന്നീ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്"**

11) അതിൻ പ്രകാരം എറണാകുളം ജില്ലാ കളക്ടർ, പരിസ്ഥിതി വകുപ്പ്, നിയമ വകുപ്പ്, അഡ്വക്കേറ്റ് ജനറൽ എന്നിവരിൽ നിന്നും വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായി. പടക്കനിർമാണത്തിന്റെ കരാർ തിരുവനന്തപുരം സ്വദേശി ആദർശ് എന്ന ആളാണ് എടുത്തതെന്നും, ടിയാന്റെ മാതാവിന്റെ പേരിലാണ് പടക്ക നിർമാണ ലൈസെൻസ് എന്നും, അവർ മരണപ്പെട്ടിട്ടുള്ളതാണെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

12) **പരിസ്ഥിതി വകുപ്പ്** താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

**"പരിസ്ഥിതി വിഷയങ്ങളിൽ പരിസ്ഥിതി വകുപ്പ് എതിർകക്ഷി ആയി വരുന്ന ദേശീയ ഹരിത ട്രൈബ്യൂണൽ കേസുകളാണ് ഈ വകുപ്പ് കൈകാര്യം ചെയ്ത് വരുന്നത്. എന്നാൽ ടി ട്രൈബ്യൂണലിന്റെ അധികാരപരിധി സംബന്ധിച്ച് ഈ വകുപ്പിൽ വിവരങ്ങൾ ഒന്നും ലഭ്യമല്ലെന്നും ആയത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതിനായി നിയമവകുപ്പിനെയോ അല്ലെങ്കിൽ അഡ്വക്കേറ്റ് ജനറലിനെയോ സമീപിയ്ക്കാൻ റവന്യൂ (ദുരന്ത നിവാരണ) വകുപ്പിനോട് അഭ്യർത്ഥിക്കാവുന്നതാണ്."**

13) നിയമ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"*2010* ലെ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ആക്ടിന്റെ അദ്ധ്യായം *III-JURISDICTION, POWERS AND PROCEEDINGS OF THE*

*TRIBUNAL,* വകുപ്പ് *14* എന്നിവ താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

" **14. Tribunal to settle disputes.**—(1) The Tribunal shall have the jurisdiction over all civil cases where a substantial question relating to environment (including enforcement of any legal right relating to environment), is involved and such question arises out of the implementation of the enactments specified in Schedule I.

(2) The Tribunal shall hear the disputes arising from the questions referred to in sub-section (1) and settle such disputes and pass order thereon.

(3) No application for adjudication of dispute under this section shall be entertained by the Tribunal unless it is made within a period of six months from the date on which the cause of action for such dispute first arose:

Provided that the Tribunal may, if it is satisfied that the applicant was prevented by sufficient cause from filing the application within the said period, allow it to be filed within a further period not exceeding sixty days.

അതായത്, പരിസ്ഥിതിയുമായി ബന്ധപ്പെട്ട് 2010 ലെ ആക്ടിലെ പട്ടിക 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിനും പരിസ്ഥിതിയുമായി ബന്ധപ്പെട്ട് നിയമപരമായ അവകാശം നടപ്പിലാക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ സിവിൽ കേസുകളിലും കൈകാര്യം ചെയ്യുന്നതിന് ട്രൈബ്യൂണലിന് അധികാരപരിധിയുണ്ട് എന്ന് 2010 ലെ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ആക്ടിലെ വകുപ്പ് 14-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

ടി നിയമത്തിലെ Schedule I ച്ചുവടെ ചേർത്തിരിക്കുന്നു;

SCHEDULE I

[*See* sections 14(*1*), 15(*1*), 17(*1*)(*a*), 17(*2*), 19(*4*) (*j*) and 34(*1*)]

1. The Water (Prevention and Control of Pollution) Act, 1974;
2. The Water (Prevention and Control of Pollution) Cess Act, 1977;
3. The Forest (Conservation) Act, 1980;
4. The Air (Prevention and Control of Pollution) Act, 1981;
5. The Environment (Protection) Act, 1986;
6. The Public Liability Insurance Act, 1991;
7. The Biological Diversity Act, 2002.

2010 ലെ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ആക്ടിന്റെ Section 2(a),(f),(m) ഇപ്രകാരമാണ്;

(a) "accident" means an accident involving a fortuitous or sudden or unintended occurrence while handling any hazardous substance or equipment, or plant, or vehicle resulting in continuous or intermittent or repeated exposure to death, of, or, injury to, any person or damage to any property or environment but does not include an accident by reason only of war or civil disturbance;

(f) "hazardous substance" means any substance or preparation which is defined as hazardous substance in the Environment (Protection) Act, 1986 (29 of 1986), and exceeding such quantity as specified or may be specified by the Central Government under the Public Liability Insurance Act, 1991 (6 of 1991);

(m) "substantial question relating to environment" shall include an instance where,—

(i) there is a direct violation of a specific statutory environmental obligation by a person by which,—

(A) the community at large other than an individual or group of individuals is affected or likely to be affected by the environmental consequences; or

(B) the gravity of damage to the environment or property

is substantial; or

(C) the damage to public health is broadly measurable;
(ii) the environmental consequences relate to a specific activity or a point source of pollution;

ടി ആക്റ്റിൽ "hazardous substance" നിർവ്വചിച്ചിരിക്കുന്നത് ഇപ്രകാരമാണ് "any substance or preparation which is defined as hazardous substance in the Environment (Protection) Act, 1986 (29 of 1986), and exceeding such quantity as specified or may be specified by the Central Government under the Public Liability Insurance Act,1991 (6 of 1991)". അപകടം നിമിത്തമോ ഏതെങ്കിലും പ്രവർത്തിയുടെ പരിണിത ഫലമായോ തൊഴിലാളി ഒഴികെയുള്ള ഏതൊരു വ്യക്തിയ്ക്കും മരണമോ ക്ഷതിയോ അല്ലങ്കിൽ വസ്തുവിനോ പരിസ്ഥിയ്ക്കോ നാശനഷ്ടം സംഭിവിക്കുന്ന പക്ഷം ട്രൈബ്യൂണലിൽ നിർണ്ണയിക്കുന്ന നഷ്ടപരിഹാരം നൽകുവാൻ ഉത്തരവാദി ബാധ്യസ്ഥനായിരിക്കുമെന്ന് ടി ആക്ടിലെ വകുപ്പ് 17-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

MUNICIPAL CORPORATION OF GREATER MUMBAI V. ANKITA SINHA എന്ന കേസിൽ ബഹു സുപ്രീം കോടതി താഴെപ്പറയും പ്രകാരം വിധിപ്രസ്താവിച്ചിട്ടുള്ളതാണ്;

"The main aim of the National Green Tribunal was to protect the environment, a purpose covered by the right to a healthy environment within the constitutionally guaranteed right to life. In order to protect the right to life, the statutory provisions should be amplified to serve this purpose. Hence, the National Green Tribunal may exercise suo moto powers to better serve its purpose.

Section 14 states that for the National Green Tribunal to be able to hear a matter: there must be a civil case; which substantially concerns the environment; and involves the implementation of environmental legislations. <u>If these three prerequisites are satisfied, the National Green Tribunal may exercise jurisdiction.</u> Roy J noted that the provision 'conspicuously' leaves out the requirement of an application being filed before the National Green Tribunal. Hence, the National Green Tribunal can act on its own initiative so long as the three basic requirements are satisfied."

ഭരണഘടനാപരമായി ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തിൽ ആരോഗ്യകരമായ അന്തരീക്ഷത്തിനുള്ള അവകാശം ഉൾക്കൊള്ളുന്ന പരിസ്ഥിതി സംരക്ഷണമാണ് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ പ്രധാന ലക്ഷ്യം എന്നും ജീവിക്കാനുള്ള അവകാശം സംരക്ഷിക്കുന്നതിന്, നിയമപരമായ വ്യവസ്ഥകൾ വർദ്ധിപ്പിക്കേണ്ടതിനാൽ ദേശീയ ഹരിത ട്രൈബ്യൂണലിന് അതിന്റെ ഉദ്ദേശ്യം മികച്ച രീതിയിൽ നിറവേറ്റുന്നതിന് സ്വമേധയാ അധികാരങ്ങൾ പ്രയോഗിക്കാൻ കഴിയും എന്ന് ബഹു സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഒരു പ്രധാന പ്രശ്നം (പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമപരമായ അവകാശം നടപ്പിലാക്കുന്നത് ഉൾപ്പെടെ) ഉൾപ്പെട്ടിരിക്കുകയും പട്ടിക I-ൽ വ്യക്തമാക്കിയിട്ടുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിൽ നിന്ന് അത്തരം ചോദ്യം ഉയർന്നുവരുകയും ചെയ്യുന്ന എല്ലാ സിവിൽ കേസുകളിലും ട്രൈബ്യൂണലിന് അധികാരിത ഉണ്ടായിരിക്കുന്നതാണ് എന്ന് 2010 ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിന്റെ 14-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

M.C.Mehta V Union of India (1987) 1 SCC 395 കേസിലും " State cannot escape liability for violation of environmental norms. When the violations have not been made to pay, it is the liability of the State to pay the compensation and recover the same from the violators." എന്ന് ബഹു സുപ്രീം കോടതി നിരീക്ഷിച്ചിട്ടുള്ളതാണ്.

2010 ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിന്റെ മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ബഹു സുപ്രീം കോടതിയുടെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽകൊണ്ടുവന്ന കരിമരുന്ന സാമഗ്രികൾ ചൂരക്കാട് വെച്ച് പൊട്ടിത്തെറിച്ച് ഉണ്ടായ അപകട വാർത്ത ശ്രദ്ധയിൽപ്പെട്ട് സ്വമേധയാ പെറ്റീഷൻ രജിസ്റ്റർ ചെയ്യുകയും വിധി പ്രഖ്യാപിക്കുവാനും 2010 ലെ ദേശീയ ഹരിത ട്രൈബ്യൂണലിന് അധികാര മുണ്ടായിരിക്കുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

(14) കുറിപ്പിൽ പരാമർശിച്ചിട്ടുള്ള സമാനമായ സംഭവങ്ങൾ അന്വേഷിക്കാനും പരിസ്ഥിതി നാശത്തിന് ഇരയായവർക്ക് ആശ്വാസവും

നഷ്ടപരിഹാരവും നൽകാനും നാശനഷ്ടങ്ങൾ സംഭവിച്ച സ്വത്ത് പുനഃസ്ഥാപിക്കാനും ദേശീയ ഹരിത ട്രൈബ്യൂണലിന് അധികാരമുണ്ടെന്ന് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ടു എജി അഭിപ്രായപ്പെട്ടിട്ടുണ്ട്.

(15) സ്വമേധയാ പെറ്റീഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും ദേശീയ ഹരിത ട്രൈബ്യൂണലിന് അധികാരമുണ്ടെന്ന് നിയമ വകുപ്പിന്റെയും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ടു എജി യുടെയും അഭിപ്രായങ്ങൾ പരിഗണിക്കുമ്പോൾ വ്യക്തമാണ്.

(16) തുടർന്ന് താഴെപ്പറയുന്ന നിർദ്ദേശങ്ങളോടെ മന്ത്രി സഭായോഗം മുമ്പാകെ വീണ്ടും കുറിപ്പ് സമർപ്പിച്ചു:

**എ)** ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 11/03/2024 ലെ OA 213/2024-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരിച്ചവരുടെ കുടുംബത്തിനും പരിക്കേറ്റവരുടെ ചികിത്സാ ചെലവിനും അനുയോജ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാവുന്നതാണോ ? അനുവദിക്കുന്നുവെങ്കിൽ, എത്ര ?

**ബി)** ഇപ്രകാരം വിതരണം ചെയ്ത തുക കുറ്റക്കാരിൽ നിന്നും നിയമപ്രകാരം തിരിച്ചുപിടിക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാമോ?

**സി)** പ്രകൃതി-മനുഷ്യ നിർമ്മിത ദുരന്തങ്ങൾ സംഭവിക്കുമ്പോൾ, Strict Liability Theory-യുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുവാനുള്ള സർക്കാരിന്റെ ചുമതലയെപ്പറ്റിയും, അപ്രകാരമുള്ള നഷ്ടപരിഹാരത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിനായി KSDMA യും ദുരന്ത നിവാരണ (എ) വകുപ്പ് -നെയും ചുമതലപ്പെടുത്താവുന്നതാണോ ?

(17) എന്നാൽ 05/06/2025 ലെ മന്ത്രി സഭായോഗം താഴെപ്പറയുന്ന രീതിയിലാണ് തീരുമാനമെടുത്തത്:

തീരുമാനം : നഷ്ടപരിഹാരത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്.

(18) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ വകുപ്പിൽ ചെയ്യുന്നത് എന്നതിനാലും നിലവിൽ മേൽ വിഷയം സംബന്ധിച്ച മാനദണ്ഡങ്ങൾ ഒന്നും ഈ വകുപ്പിൽ ലഭ്യമല്ലാത്തതിനാലും അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചന നടത്തുന്നതിലേക്കായി മേൽ വിഷയം സംബന്ധിച്ച് വളരെ അടിയന്തിരമായി കരട് മാനദണ്ഡങ്ങൾ സമർപ്പിക്കുന്നതിലേക്ക് ഈ ഫയൽ ദുരന്ത നിവാരണ (എ) വകുപ്പിന് കൈമാറുന്നതിലേക്ക് ഫയൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി മുഖേന ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചു. അപ്പോൾ അന്നത്തെ റവന്യൂ സെക്രട്ടറി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

*"This is very urgent. Transfer to DMD immediately for framing of guidelines as decided by the Cabinet.*

*Only DMD can frame these guidelines, hence there is no need to route with the permission of CS as prescribed by the Rules of Business. In any event, both Revenue and DM Departments have the same Secretary who is taking this decision. Please inform DMD about the urgency of this case."*

(19) എന്നാൽ ദുരന്ത നിവാരണ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി ഫയൽ തിരികെ നൽകുകയുണ്ടായി:

*"മുൻ ഖണ്ഡികയിലെ കുറിപ്പുകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രകൃതി മനുഷ്യ നിർമ്മിത ദുരന്തങ്ങൾക്ക് Strict Liability Theory-യുടെ അടിസ്ഥാനത്തിൽ CMDRF -ൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള നഷ്ടപരിഹാരത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിരിക്കുന്നത്.*

SDRF ഫണ്ട് ഉപയോഗിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ മാത്രമേ ദുരന്തനിവാരണ വകുപ്പിന് പരിശോധിക്കാൻ

**കഴിയുകയുള്ളൂ. CMDRF-ൽ നിന്നും തുക നൽകേണ്ടതിനാൽ ഫയൽ തുടർ നടപടികൾക്കായി DRF സെക്ഷന് തിരികെ നൽകാവുന്നതാണ്".**

(20) തുടർന്ന് പ്രകൃതി മനുഷ്യ നിർമ്മിത ദുരന്തങ്ങൾക്ക് Strict Liability Theory-യുടെ അടിസ്ഥാനത്തിൽ CMDRF -ൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള നഷ്ടപരിഹാരത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്നതിലേക്കും വളരെ അടിയന്തരമായി ഒരു പ്രൊപ്പോസൽ സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന് ലാൻഡ് റവന്യൂ കമ്മീഷണർ ഒരു പ്രൊപ്പോസൽ സമർപ്പിച്ചു.

(21) 05/06/2025-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാന പ്രകാരം ആഭ്യന്തര, ദുരന്ത നിവാരണ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് സെക്രട്ടറിതലത്തിൽ അഡ്വക്കേറ്റ് ജനറലുമായി 13/01/2026 ന് ഒരു online കൂടിയാലോചനായോഗം നടത്തുകയുണ്ടായി. ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിക്കേണ്ട സമയപരിധി ഇതിനകം തന്നെ കഴിഞ്ഞിട്ടുള്ളതാണ്.

(22) വൈകുന്നേരം 4.35 ന് ആരംഭിച്ച യോഗത്തിൽ NGT യുടെ ഉത്തരവ് അനുസരിച്ച് ഒരു കംപ്ലയിൻസ് റിപ്പോർട്ട് NGT യുടെ ചെന്നൈ ബഞ്ചിന് 10/03/2026 ന് കൊടുക്കണമെന്നും ബഹു. കോടതിയുടെ ഉത്തരവ് പാലിക്കാതെ മറ്റ് മാർഗ്ഗമില്ലെന്നും പാലിച്ചില്ലെങ്കിൽ പേഴ്സണൽ അപ്പിയറൻസ് വരാൻ സാധ്യതയുണ്ടെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കാൻ കഴിയുമോ എന്നത് സംശയമാണെന്നും State Disaster Response Fund (SDRF) ൽ നിന്നും ടി തുക കൊടുക്കുന്നതാണ് ഉചിതമെന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു. ദുരന്തമായി പ്രഖ്യാപിച്ചാൽ മാത്രമേ SDRF ൽ നിന്നും ഫണ്ട് അനുവദിക്കാൻ കഴിയുകയുള്ളൂവെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടപ്പോൾ Disaster Management Act Section 2 (d) പ്രകാരം "Disaster" -ന്റെ നിർവ്വചനം "a catastrophe, mishap, calamity or grave occurrence in any area, arising from natural or man made causes, or by accident or negligence which results in substantial loss of life or human suffering or damage to, and destruction of, property, or damage to, or degradation of, environment, and is of such a nature or magnitude as to be beyond

the coping capacity of the community of the affected area" എന്നാണെന്നും Section 2(e) പ്രകാരം "disaster management" -ന്റെ നിർവ്വചനം "a continuous and integrated process of planning, organising, coordinating and implementing measures which are necessary or expedient for— (i) prevention of danger or threat of any disaster; (ii) mitigation or reduction of risk of any disaster or its severity or consequences; (iii) capacity-building; (iv) preparedness to deal with any disaster; (v) prompt response to any threatening disaster situation or disaster; (vi) assessing the severity or magnitude of effects of any disaster; (vii) evacuation, rescue and relief; (viii) rehabilitation and reconstruction" എന്നാണെന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു. എങ്കിലും ഈ സമയത്ത് ഏത് ഉറവിടത്തിൽ നിന്നും നഷ്ടപരിഹാരം കൊടുക്കണമെന്ന് ചിന്തിക്കാൻ സമയമില്ലെന്നും വളരെ അടിയന്തരമായി നഷ്ടപരിഹാരം നൽകേണ്ടതാണെന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയ്ക്ക് നിയമപരമായ പിന്തുണ (Statutory backing) ഇല്ലെന്നും ആയതിനാൽ SDRF ൽ നിന്നോ അല്ലെങ്കിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതോ ആലോചിക്കണമെന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു. നിലവിൽ അപകടമരണങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3 ലക്ഷം രൂപ വരെ കൊടുക്കാറുണ്ടല്ലോ എന്നും മന്ത്രിസഭാ യോഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ എത്ര രൂപ കൊടുക്കുന്നതിലും തടസ്സമില്ലെന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു. ലാൻഡ് റവന്യൂ കമ്മീഷണറിന്റെ പ്രൊപ്പോസലിലുള്ള നിസ്സാര പരിക്ക്, ഗുരുതര പരിക്ക്, സ്ഥിരമായ അംഗവൈകല്യം എന്നിവ നിർണ്ണയിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ആവശ്യമാണെന്നും സ്ഥിരമായ അംഗവൈകല്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും ധനസഹായം അനുവദിക്കണമെന്ന നിർദ്ദേശം പരിഗണിക്കാവുന്നതാണെന്നും മീറ്റിംഗിൽ അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു. എന്നാൽ ഇത്തരത്തിൽ വിതരണം ചെയ്യുന്ന തുക റിക്കവർ ചെയ്യേണ്ടതുണ്ടെന്ന് റവന്യൂ സെക്രട്ടറി മീറ്റിംഗിൽ അഭിപ്രായപ്പെട്ടു. അപകടത്തിൽ ആർക്കും പരിക്ക്

പറ്റിയിട്ടില്ലെന്ന് ജില്ലാ കളക്ടർ നേരത്തെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരണപ്പെട്ടവരുടെ (2 പേർ) ആശ്രിതർക്ക് അടിയന്തരമായി 20 ലക്ഷം രൂപ വീതമെങ്കിലും ധനസഹായം വിതരണം ചെയ്യേണ്ടതാണെന്ന നിർദ്ദേശം മുന്നോട്ട് വച്ചുകൊണ്ടാണ് ഓൺലൈൻ മീറ്റിംഗ് അവസാനിച്ചത്. ഇപ്രകാരം സർക്കാർ തലത്തിൽ ധനസഹായം നൽകുമ്പോൾ; വിതരണം ചെയ്യുന്ന തുക 'Strict liability theory' അഥവാ 'കർശനമായ ബാധ്യത സിദ്ധാന്തം' അനുസരിച്ച്, അപകടത്തിന് ഉത്തരവാദികളായ യഥാർത്ഥ വ്യക്തികൾ/ബന്ധപ്പെട്ട അധികാരികളിൽ നിന്നും റവന്യൂ റിക്കവറി ആക്ട് പ്രകാരമോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും നിയമ മാർഗ്ഗങ്ങളിലൂടെയോ തിരിച്ചുപിടിക്കാവുന്നതാണെന്നും; മറ്റുളളവ അതായത് Man made disaster ഉണ്ടാകുമ്പോൾ തുക Disaster Management Act പ്രകാരമുളള SDRF ൽ നിന്നും നൽകണമോ അതോ Disaster Management Act പ്രകാരം Rules ഉണ്ടാക്കുവാൻ സർക്കാരിന് അധികാരമുളളതിനാൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ച് അതിൽ നിന്നും നൽകാവുന്നതാണോ എന്ന കാര്യം കൂടി ഉദ്യോഗസ്ഥതലത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായവും കൂടി ലഭ്യമാക്കിക്കൊണ്ട് പരിശോധിച്ച് തീരുമാനിക്കാവുന്നതാണെന്നും മീറ്റിംഗിൽ അഭിപ്രായപ്പെട്ടു. Disaster Management Act, 2005 ലെ വ്യവസ്ഥകൾ പ്രകാരം മരണപ്പെട്ട ഓരോരുത്തർക്കും 4 ലക്ഷം രൂപയിൽ അധികം SDRF ൽ നിന്നും അനുവദിക്കാൻ കഴിയില്ലെന്നും അതിനാൽ 20 ലക്ഷം രൂപ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കാൻ കഴിയില്ലെന്നും കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയ്ക്കുവേണ്ടി ദുരന്തനിവാരണ കമ്മീഷണർ പിന്നീട് കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ടി തുക ഉത്തരവാദിത്തം നിർണ്ണയിച്ച് യഥാർത്ഥ കുറ്റക്കാരിൽ നിന്നും തിരിച്ചുപിടിക്കും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി മാനുഷിക പരിഗണനയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതാണ് ഉചിതമെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. അപകടത്തിൽ മരണപ്പെട്ട രണ്ട് പേർക്ക് 20 ലക്ഷം രൂപ വീതം നൽകാനുളള ബഹു. കോടതിയുടെ ഉത്തരവ് പാലിക്കുന്നതിനാവശ്യമായ തുക ഇല്ലാത്തതിനാൽ ടി തുക അനുവദിച്ചു നൽകണമെന്ന് എറണാകുളം ജില്ലാ

കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**(23)** 05/06/2025 ലെ മന്ത്രിസഭായോഗ തീരുമാനം പ്രകാരം വിഷയം മന്ത്രിസഭയോഗം മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി 20/02/2026-ൽ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നതിൽ തീരുമാനത്തിനായി ബഹു. മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

(എ) എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽകൊണ്ടുവന്ന കരിമരുന്ന സാമഗ്രികൾ 12/02/2024 -ന് ചൂരക്കാട് വെച്ച് പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ മരണപ്പെട്ട രണ്ട് പേരുടെ (തിരുവനന്തപുരം സ്വദേശി വിഷ്ണു S/o അശോകൻ, വരുവിളാകത്ത്, ഉള്ളൂർ, കൊല്ലം സ്വദേശി അനിൽകുമാർ S/o സുകുമാരൻ, പീടികത്തറ വീട്, കോട്ടപ്പുറം) ആശ്രിതർക്ക് **20 ലക്ഷം രൂപ വീതം (അല്ലെങ്കിൽ ക്യാബിനറ്റ് തീരുമാനിക്കുന്ന തുക)** 'Strict Liability Theory' അഥവാ 'കർശനമായ ബാധ്യത സിദ്ധാന്തം' അനുസരിച്ച്, അപകടത്തിന് ഉത്തരവാദികളായ യഥാർത്ഥ വ്യക്തികൾ/ബന്ധപ്പെട്ട അധികാരികളിൽ നിന്നും റവന്യൂ റിക്കവറി ആക്ട് പ്രകാരമോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും നിയമ മാർഗ്ഗങ്ങളിലൂടെയോ തിരിച്ചുപിടിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി അനുവദിച്ചുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ രജിസ്റ്റർ ചെയ്ത OA 213/2024 നമ്പർ കേസിലെ 11/03/2024-ലുള്ള വിധിന്യായം നടപ്പിലാക്കാവുന്നതാണോ ?

**(ബി)** മനുഷ്യനിർമ്മിത ദുരന്തങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നത് നിയമവാഴ്ചയുടേയും ഭരണനിർവ്വഹണത്തിന്റെയും പോരായ്മയായി കണക്കാക്കപ്പെടുമെന്നും ജനങ്ങളിൽ ഈ ഫണ്ടിന്റെ വിശ്വാസ്യത കുറയ്ക്കാനിടയാക്കുകയും ജനങ്ങളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകളെ ഇത് പ്രതികൂലമായി ബാധിക്കുകയും അപ്രകാരം ഈ നിധിയുടെ ശോഷണത്തിനും അപര്യാപ്തതയ്ക്കും കാരണമാകുകയും ചെയ്യുമെന്നും ഓൺലൈൻ മീറ്റിംഗിൽ

ലാൻഡ് റവന്യൂ കമ്മീഷണർ (കമ്മീഷണർ ഡിസാസ്റ്റർ മാനേജ്മെന്റ്), അഡ്വക്കേറ്റ് ജനറൽ എന്നിവർ അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, ഭാവിയിൽ Man made disaster ഉണ്ടാകുമ്പോൾ തുക Disaster Management Act പ്രകാരമുള്ള SDRF ൽ നിന്നും നൽകണമോ അതോ Disaster Management Act പ്രകാരം Rules ഉണ്ടാക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമുള്ളതിനാൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ച് അതിൽ നിന്നും നൽകാവുന്നതാണോ എന്ന കാര്യങ്ങൾ ഉദ്യോഗസ്ഥതലത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിക്കൊണ്ട് പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഫയൽ ദുരന്ത നിവാരണ (എ) വകുപ്പിന് കൈമാറാവുന്നതാണോ ?

(24) ആയതിൽ 28/02/2026 -ൽ ചേർന്ന മന്ത്രിസഭായോഗം താഴെ പറയും പ്രകാരം തീരുമാനിക്കുകയും ചെയ്തു.

തീരുമാനം : ബന്ധപ്പെട്ട വകുപ്പുകളുമായി റവന്യൂ സെക്രട്ടറി ഇക്കാര്യം ചർച്ച ചെയ്ത ശേഷം പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ മന്ത്രിസഭാക്കുറിപ്പ് സമർപ്പിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(25) മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ **09/03/2026-ന് 11** മണിയ്ക്ക് റവന്യൂ സെക്രട്ടറി ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തുകയുണ്ടായി. ടി യോഗം ചുവടെ ചേർക്കും പ്രകാരം മന്ത്രിസഭായോഗത്തിന് ശിപാർശ സമർപ്പിക്കുവാൻ തീരുമാനിച്ചു (പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് **അനുബന്ധം 1** ആയി ഇതിനോടൊപ്പം വച്ചിട്ടുണ്ട്).

1) അഡ്വക്കേറ്റ് ജനറലിന്റെ മീറ്റിംഗിൽ തീരുമാനിച്ച പ്രകാരം ഈ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് മന്ത്രിസഭായോഗത്തിന് ശിപാർശ ചെയ്യാവുന്നതാണ്.

2) ലയബിലിറ്റി ഫിക്സ് ചെയ്തു കഴിയുമ്പോൾ ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബന്ധപ്പെട്ട വ്യക്തി/സംഘാടകരിൽ നിന്നും തിരികെ

ഈടാക്കേണ്ടതാണ്.

3) ഇത്തരത്തിലുള്ള ഫെസ്റ്റിവൽ നടത്തുമ്പോൾ അതുമായി ബന്ധപ്പെട്ട നടത്തിപ്പുകാരനും, Licence-യും തുല്യ ബാധ്യത ഉള്ളവരാണെന്നും നടത്തിപ്പുകാർ അത്തരം പരിപാടികൾ സംഘടിപ്പിക്കുമ്പോൾ എല്ലാ നിയമ വശങ്ങളും ഉറപ്പു വരുത്തേണ്ടതാണ്.

4) ഇത്തരത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നവർ നിർബന്ധമായും കാണികളായി വരാൻ സാദ്ധ്യതയുള്ള 25% എണ്ണം ആളുകൾക്കുള്ള Un-named death and medical insurance എടുക്കുന്നത് ഉചിതം ആണ്.

5) Kerala Public Health Act 2023 Chapter 9 ൽ മേൽ നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി amend ചെയ്യുന്നതോ, പുതുതായി Kerala Conduct of Festivals Act എന്ന പേരിൽ പുതുതായി ഒന്ന് പുറപ്പെടുവിക്കുന്നതോ ചടങ്ങുകൾ സുരക്ഷിതമായി നടത്തുന്നത് ഉറപ്പാക്കുവാൻ ഉചിതമായിരിക്കും.

(26) മീറ്റിംഗിൽ എത്തിച്ചേർന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളോടെ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കാനായി ഫയൽ സമർപ്പിച്ചു:

1) എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീ ക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽ കൊണ്ട് വന്ന കരിമരുന്ന് സാമഗ്രികൾ ചൂരക്കാട് വെച്ച് പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ മരണപ്പെട്ട 2 പേരുടെ (തിരുവനന്തപുരം സ്വദേശി വിഷ്ണു S/o അശോകൻ, വരുവിളാകത്ത്, ഉള്ളൂർ, കൊല്ലം സ്വദേശി അനിൽകുമാർ S/o സുകുമാരൻ, പീടികത്തറ വീട്, കോട്ടപ്പുറം) ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ എടുത്ത O A 213/2024 നമ്പർ കേസിലെ 11/03/2024 തീയതിയായുള്ള ഉത്തരവ് നടപ്പിലാക്കാവുന്നതാണോ ?

2) ലയബിലിറ്റി ഫിക്സ് ചെയ്തു കഴിയുമ്പോൾ ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബന്ധപ്പെട്ട വ്യക്തി/സംഘാടകരിൽ നിന്നും

തിരികെ ഈടാക്കുന്നതിനുള്ള ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണോ ?

3) ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട നടത്തിപ്പുകാരനും Licence- യും തുല്യബാധ്യത ഉള്ളവരായതിനാൽ നടത്തിപ്പുകാർ എല്ലാ നിയമ വശങ്ങളും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകാവുന്നതാണോ?

4) ഇത്തരത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നവർ നിർബന്ധമായും കാണികളായി വരാൻ സാദ്ധ്യതയുള്ള 25% എണ്ണം ആളുകൾക്കുള്ള Un-named death and medical insurance എടുക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് KSDMA ചുമതലപ്പെടുത്താവുന്നതാണോ ?

5) Kerala Public Health Act 2023 Chapter 9ൽ മേൽ നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി amend ചെയ്യുന്നതോ, പുതുതായി Kerala Conduct of Festivals Act എന്ന പേരിൽ പുതുതായി ഒന്ന് പുറപ്പെടുവിക്കുന്നതോ പരിശോധിക്കുന്നതിന് KSDMA ചുമതലപ്പെടുത്താവുന്നതാണോ ?

(27) തുടർന്ന്, ചീഫ് സെക്രട്ടറി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചു:

**"3,4,5-തീരുമാനമെടുക്കേണ്ട വിഷയങ്ങളിൽ കൂടുതൽ പരിശോധനയും പഠനവും നിയമ വകുപ്പും മറ്റു ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ആവശ്യമുണ്ട്. ആയതിനാൽ തീരുമാനമെടുക്കേണ്ട വിഷയങ്ങളിൽ 1,2-ലും പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ മാത്രം ഉൾപ്പെടുത്തി മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് ഭേദഗതി ചെയ്ത് ഇന്ന് തന്നെ സമർപ്പിക്കുക."**

**തീരുമാനിക്കേണ്ട വിഷയം**

1) എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീ ക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽ കൊണ്ട് വന്ന കരിമരുന്ന്

സാമഗ്രികൾ ചൂരക്കാട് വെച്ച് പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ മരണപ്പെട്ട 2 പേരുടെ (തിരുവനന്തപുരം സ്വദേശി വിഷ്ണു S/o അശോകൻ, വരുവിളാകത്ത്, ഉള്ളൂർ, കൊല്ലം സ്വദേശി അനിൽകുമാർ S/o സുകുമാരൻ, പീടികത്തറ വീട്, കോട്ടപ്പുറം) ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ എടുത്ത O.A. 213/2024 നമ്പർ കേസിലെ 11/03/2024 തീയതിയായുള്ള ഉത്തരവ് നടപ്പിലാക്കാവുന്നതാണോ ?

2) ലയബിലിറ്റി ഫിക്സ് ചെയ്തു കഴിയുമ്പോൾ ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബന്ധപ്പെട്ട വ്യക്തി/സംഘാടകരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണോ ?

## അനുബന്ധം 1

എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീ ക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽ കൊണ്ട് വന്ന കരിമരുന്ന് സാമഗ്രികൾ ചുരക്കാട് വെച്ച് പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ എടുത്ത O A 213/2024 നമ്പർ കേസിലെ 11/03/2024 തീയതിയായുള്ള ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 09/03/2026 - ന് റവന്യൂ സെക്രട്ടറിയുടെ ചേമ്പറിൽ വച്ച് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

പങ്കെടുത്തവർ :

1. ശ്രീ. എം.ജി രാജമാണിക്കം, ഐ.എ.എസ്., സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ.ജീവൻ ബാബു കെ, ഐ.എ.എസ്., ലാൻഡ് റവന്യൂ കമ്മീഷണർ
3. ശ്രീമതി ജയശ്രീ റ്റി.കെ., സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4. ശ്രീ.ശേഖർ കുര്യാക്കോസ്, മെമ്പർ സെക്രട്ടറി , KSDMA
5. ശ്രീമതി ബിന്ദു സി വർഗീസ്, അഡീഷണൽ സെക്രട്ടറി, DMD
6. ശ്രീമതി ശാരദ റ്റി. ആർ , ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീമതി ജയശ്രീ പി.എൻ ., ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ DRFവകുപ്പ്
8. ശ്രീമതി മഹേശ്വരി .എ സെക്ഷൻ ഓഫീസർ,റവന്യൂ DRF A വകുപ്പ്
9. ശ്രീ. രതീഷ് ജി. ആർ., സെക്ഷൻ ഓഫീസർ, ആഭ്യന്തര (എഫ്) വകുപ്പ്
10. ശ്രീ . അനു അൽഫോൺസ് , ADM, Fire and Rescue Dept.

യോഗം രാവിലെ 11.30 - ന് ആരംഭിച്ചു.

എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ പുതിയകാവ് ദേവീ ക്ഷേത്രത്തിലെ ഉത്സവത്തിന് വാഹനത്തിൽ കൊണ്ട് വന്ന കരിമരുന്ന് സാമഗ്രികൾ ചുരക്കാട് വെച്ച് പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിൽ ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ എടുത്ത O A 213/2024 നമ്പർ കേസിലെ 11/03/2024 തീയതിയായുള്ള ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത വിഷയം 28/02/2026 - ലെ മന്ത്രിസഭായോഗത്തിന് സമർപ്പിച്ചിരുന്നു. ടി വിഷയം ഇനം.3772 ആയി മന്ത്രിസഭാ യോഗം പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുമായി റവന്യൂ സെക്രട്ടറി ഇക്കാര്യം ചർച്ച ചെയ്തു ശേഷം പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ മന്ത്രിസഭാകുറിപ്പ് സമർപ്പിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു . ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ സെക്രട്ടറി അദ്ദേഹത്തിന്റെ ചേമ്പറിൽ യോഗം വിളിച്ചു ചേർക്കുകയുണ്ടായി .

ടി ദുരന്തം ഒരു പ്രത്യേക വിഷയമായി പരിഗണിച്ച് CMDRF - ൽ നിന്നും ഫണ്ട് കൊടുക്കുന്നതിനു

തീരുമാനിക്കുകയും അത് Public Liability Insurance Act പ്രകാരമുള്ള ഫണ്ടിൽ നിന്നും CMDRF ലേക്ക് തിരിച്ച് പിടിക്കാനും ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും തിരിച്ചുപിടിക്കുന്നതിനുമുള്ള നടപടിയുമാണ് നിലവിൽ സ്വീകരിക്കേണ്ടതെന്നും ഈ വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടു.

ഇത്തരത്തിലുള്ള സംഭവങ്ങൾക്ക് സോഴ്സ് ഓഫ് ഫണ്ടിംഗ് ഉണ്ടെന്നും പക്ഷെ അതൊന്നും നടപ്പിലാക്കിയിട്ടില്ല എന്നും മെമ്പർ സെക്രട്ടറി , KSDMA പറയുകയുണ്ടായി. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ന്റെ environment ഫണ്ട് ലഭ്യമാണെന്നും , ഏതൊരു പടക്കം മൂലമുണ്ടാകുന്ന അപകടം അല്ലെങ്കിൽ PESO ആക്റ്റിന് കീഴിൽ വരുന്ന എല്ലാ ആക്ടിവിറ്റീസിനും Public Insurance LiabilityAct-പ്രകാരം ഒരു ഇൻഷുറൻസ് എടുക്കുകയും, അതിലേക്ക് ഒരു payment ഉള്ളതായും ഈ payment വിതരണം ചെയ്യേണ്ടതു ജില്ലാ കലക്ടർമാരാണെന്നും ഇത്തരത്തിലുള്ള ഒരു സംഭവം നടന്നാൽ ഇൻഷുറൻസ് proceeds ഇതിലേക്ക് വരികയും , ജില്ലാ കളക്ടറുടെ അധികാര പരിധിയിലേക്ക് സിവിൽ കോർട്ട് അധികാരം നല്കിയിട്ടുള്ളതായും അദ്ദേഹം അഭിപ്രായപ്പെട്ടു. അപ്രകാരം Public Insurance Liability Act 1991 -ന്റെ അടിസ്ഥാനത്തിൽ നാളിതുവരെ കളക്ടർമാർ ആരും അവരുടെ അധികാര പരിധി ഉപയോഗിച്ച് ഇത്തരത്തിലുള്ള ഫണ്ട് വിനിയോഗിച്ചിട്ടില്ല. ആ ഫണ്ട് ഇനി ഉപയോഗപ്പെടുത്തണമെങ്കിൽ ഫാക്ടറീസ് ആൻഡ് ബോയിലേർസ് ആക്ട് പരിശോധിക്കേണ്ടതാണെന്നും എന്നാൽ അടിയന്തര ധനസഹായം അനുവദിക്കേണ്ടതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉടനടി സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ് .

തമിഴ് നാട്ടിൽ നടന്ന ഒരു കേസിൽ മരണപ്പെട്ടവർക്ക് 2 0 ലക്ഷവും പരിക്കേറ്റവർക്ക് 1 0 ലക്ഷവും നൽകണമെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചത് Public Insurance Liability Act എന്ന Central Act-ന്റെ അധികാര പരിധിയിലാണ്. ഇത്തരത്തിലുള്ള കേസുകൾ ഇവിടെ പരിഗണിക്കുന്നത് മന്ത്രിസഭയുടെ പരിഗണനയിൽ കൊണ്ട് വന്നാണെന്നും അപ്രകാരം തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് എത്ര തുക നൽകണം എന്നുള്ള തീരുമാനം കൈക്കൊണ്ടു വരുന്നത് എന്നും സെക്രട്ടറി , KSDMA അറിയിച്ചു.

Public Insurance Liability Act - ന്റെ ഹിസ്റ്ററി തന്നെ ഭോപ്പാൽ ട്രാജഡി ആണ് . ഇവിടെ ഈ നിയമം എത്രത്തോളം നടപ്പിലാക്കാൻ സാധിക്കുന്നു എന്ന് ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ് അഭിപ്രായപ്പെട്ടു.

വിശദമായ ചർച്ചയ്ക്ക് ശേഷം ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് സെക്രട്ടറി യോഗത്തിൽ തീരുമാനം കൈക്കൊണ്ടു.

1 ) അഡ്വക്കേറ്റ് ജനറലിന്റെ മീറ്റിംഗിൽ തീരുമാനിച്ച പ്രകാരം ഈ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ ക്ക് 1 0 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് മന്ത്രിസഭായോഗത്തിന് ശിപാർശ ചെയ്യാവുന്നതാണ്.

2 ) ലയബിലിറ്റി ഫിക്സ് ചെയ്ത കഴിയുമ്പോൾ ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബന്ധപ്പെട്ട വ്യക്തി/സംഘാടകരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3 ) ഇത്തരത്തിലുള്ള ഫെസ്റ്റിവൽ നടത്തുമ്പോൾ അതുമായി ബന്ധപ്പെട്ട നടത്തിപ്പുകാരനും Licencee- യും

തുല്യ ബാധ്യത ഉള്ളവരാണെന്നും നടത്തിപ്പുകാർ അത്തരം പരിപാടികൾ സംഘടിപ്പിക്കുമ്പോൾ എല്ലാ നിയമ വശങ്ങളും ഉറപ്പു വരുത്തേണ്ടതാണ് .

4 ) ഇത്തരത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നവർ നിർബന്ധമായും കാണികളായി വരാൻ സാദ്ധ്യതയുള്ള 25% എണ്ണം ആളുകൾക്കുള്ള Un-named death and medical insurance എടുക്കുന്നത് ഉചിതം ആണ്.

5) Kerala Public Health Act 2023 Chapter 9ൽ മേൽ നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി amend ചെയ്യുന്നതോ, പുതുതായി Kerala Conduct of Festivals Act എന്ന പേരിൽ പുതുതായി ഒന്ന് പുറപ്പെടുവിക്കുന്നതോ ചടങ്ങുകൾ സുരക്ഷിതമായി നടത്തുന്നത് ഉറപ്പാക്കുവാൻ ഉചിതമായിരിക്കും.

12 മണിയോടെ യോഗം അവസാനിച്ചു.

എം ജി രാജമാണിക്കം
സെക്രട്ടറി